പതിനാലാം കേരള നിയമസഭ
ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.2109 18.07.2016 ൽ മറുപടി നൽകേണ്ടിയിരുന്നത്

## ചാലക്കുടി റെയിൽവേ സ്റ്റേഷനിൽ കൂടുതൽ സൗകര്യങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ബി.ഡി. ദേവസ്സി | ശ്രീ. ജി. സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) ആദർശ് സ്റ്റേഷനായി ഉയർത്തപ്പെട്ട ചാലക്കുടി റെയിൽവേ സ്റ്റേഷനിൽ കൂടുതൽ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും കൂടുതൽ ട്രയിനുകൾക്ക് സ്റ്റോപ്പ് അനുവദിപ്പിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; | (എ) ചാലക്കുടി 'ഡി ' കാറ്റഗറി സ്റ്റേഷനുകളിൽ പ്പെട്ടതാണ്. 2010-11 വർഷത്തിൽ പ്രസ്തുത സ്റ്റേഷനെ ആദർശ് സ്റ്റേഷനായി ഉയർത്തുകയും മാനദണ്ഡങ്ങൾ പ്രകാരം ആദർശ് സ്റ്റേഷന് ആവശ്യമായ എല്ലാ സൗകര്യങ്ങളും ഏർപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. 24 ജോഡി ട്രയിനുകൾക്ക് സ്റ്റോപ്പ് അനുവദിച്ചിട്ടുണ്ട്. ഏറനാട് എക്സ്പ്രസ് ട്രയിനിന് (1 ജോഡി) അനുവദിക്കപ്പെട്ട താല്ക്കാലിക സ്റ്റോപ്പ് 6 മാസത്തേക്കു കൂടി നീട്ടിയിട്ടുണ്ട്. |
| (ബി) ഇതിനായി സമർപ്പിച്ചിട്ടുള്ള വിവിധ അപേക്ഷകളിൽ ആവശ്യമായ മേൽ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ? | (ബി) ഉണ്ട്. ഒരു റെസ്റ്റോറന്റ് തുടങ്ങുന്നതിനായി ടെൻണ്ടർ ക്ഷണിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ